# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.300 28/01/2019-ൽ മറുപടിക്ക്

## വയോജന സൗഹൃദ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.അബ്ദുൽ ഹമീദ് പി.** | | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും പ്രധാന ആശുപത്രികളിലും വയോജനങ്ങൾക്ക് പ്രത്യേകമായി ജറിയാട്രിക് ഒ.പി.കളും വാർഡുകളും ഏർപ്പെടുത്തിയിട്ടുണ്ടോ; | എ) | സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള വയോജന ആരോഗ്യ പദ്ധതിയുടെയും കേന്ദ്രാവിഷ്കൃത പദ്ധതിയായ NPHCE-യുടെയും ഭാഗമായി എല്ലാ ജില്ലാ ആശുപത്രികളിലും ജീറിയാട്രിക് വാർഡുകൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജീറിയാട്രിക് വാർഡുകൾ സജ്ജീകരിക്കുവാൻ സ്ഥലപരിമിതിയുള്ള ആശുപത്രികളിൽ മുതിർന്ന പൗരന്മാർക്കു മാത്രമായി പ്രത്യേകം കിടക്കകൾ അനുവദിച്ചിട്ടുണ്ട്. |
| ബി) | ജറിയാട്രിക് ഒ.പി.കളും വാർഡുകളും ഇല്ലാത്ത ആശുപത്രികളിൽ അവ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) | ജീറിയാട്രിക് ഓ.പി.കളും വാർഡുകളും ഇല്ലാത്ത ആശുപത്രികളിൽ അവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചുവരികയാണ്. ആർദ്രം പദ്ധതിയുടെ ഉദ്ദേശലക്ഷ്യം കൂടിയായ വയോജന സൗഹൃദ ആശുപത്രി എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ജീറിയാട്രിക് വാർഡുകൾ വയോജന സൗഹൃദ ശൗചാലയങ്ങൾ, റാമ്പുകൾ, റീലിംഗുകൾ, ഫിസിയോതെറാപ്പി യൂണിറ്റുകൾ എന്നിവ സജ്ജീകരിക്കുന്നതിന് പ്രത്യേക ഫണ്ട് നൽകിയിട്ടുണ്ട്. |
| സി) | വയോജനങ്ങൾ ദീർഘസമയം ക്യൂ നിൽക്കുന്നത് ഒഴിവാക്കുന്നതിനായി ഒ.പി.ടിക്കറ്റ് കൗണ്ടറുകളിലും മറ്റും ഇവർക്കായി പ്രത്യേക വരികൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാമോ; | സി) | വയോജനങ്ങൾക്ക് പ്രത്യേക ക്യൂ അല്ലെങ്കിൽ നോ ക്യൂ സംവിധാനം എന്നിവ ആരോഗ്യ വകുപ്പിനു കീഴിലുള്ള ആശുപത്രികളിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശം നിലനിൽക്കുന്നതാണ്. ടോക്കൺ വ്യവസ്ഥകൾ , ക്യൂ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ എന്നിവ മിക്ക ആശുപത്രികളിലും സ്വീകരിച്ചതോടെ ദീർഘസമയം ക്യൂ നിൽക്കുന്നത് ഒഴിവാക്കുവാൻ സാധിച്ചിട്ടുണ്ട്. ആർദ്രം പദ്ധതിയിലൂടെ ഓ.പി ട്രാൻസ്ഫർമേഷൻ യാഥാർത്ഥ്യമാക്കുന്നതോടെ ഇതിന് ഒരു ശാശ്വത പരിഹാരം ആകുന്നതാണ്. |
| ഡി) | പി.എച്ച്.സി കളിലും സി.എച്ച്.സി കളിലും കൂടുതൽ വയോജന സൗഹൃദ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | ഡി) | എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും വയോജനങ്ങൾക്ക് പ്രത്യേകം സേവനം നൽകുന്നതിനായി ഒരു സ്റ്റാഫ് നേഴ്സിനെയും ഒരു ഫിസിയോതെറാപ്പിസ്റ്റിനേയും ദേശീയ ആരോഗ്യ ദൗത്യം പദ്ധതി മുഖേന നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 232 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നിയമിതരായ ഈ ജീവനക്കാരുടെ സേവനം പ്രയോജനപ്പെടുത്തി വയോജന സൗഹൃദമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ വയോജന ക്ലിനിക്കുകൾ സജ്ജീകരിക്കുന്നതിനുള്ള പ്രത്യേക ഫണ്ടും എല്ലാ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ